# മംഗലവാർത്താക്കാലം

## വചന വിചിന്തനം

### രണ്ടാം ഞായർ

**ലൂക്കാ 1,26-38**

**07/12/2014**

ദൈവത്തിന് ഒന്നും
അസാദ്ധ്യമല്ല!
കന്യക ഗർഭം
ധരിക്കുന്നു.
പ്രായം കവിഞ്ഞവർ
പുത്രനെ സമ്മാനിക്കുന്നു.

മനുഷ്യന് ഒന്നും
അസാദ്ധ്യമല്ല
എന്ന് പറഞ്ഞ
നെപ്പോളിയൻ ബോണപ്പാട്ട്
വാട്ടർലൂവിൽ
ഇടറിവീണു.

മനുഷ്യന്
അസാദ്ധ്യമായവയാണ്
സാധ്യമായതിനേക്കാൾ
അധികം!

ദൈവം തിരഞ്ഞെടുത്തവർക്ക് ദൈവം സമ്മാനിക്കുന്ന സുകൃതമാണ്
"സങ്കടകരമായ സദ്വാർത്ത"

മനുഷ്യരക്ഷയുടെ മംഗളവാർത്തയാണ് ക്രിസ്തുവിന്റെ ജനനത്തെകുറിച്ചുള്ള അറിയിപ്പ്. ഉത്പത്തിപുസ്തകത്തിൽ (ഉത്പ 3) മനുഷ്യന്റെ പതനം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള രക്ഷയാണ് ലൂക്കാസുവിശേകൻ ക്രിസ്തുവിന്റെ ജനനത്തെകുറിച്ചുള്ള മംഗളവാർത്തയിലൂടെ പ്രഖ്യാപിക്കുന്നത്.

യഹൂദവംശത്തിലെ ഒരുപാട് പെൺകുട്ടികൾ സ്വപ്നം കണ്ടിരുന്ന ഒന്നാണ് ക്രിസ്തുവിന്റെ അമ്മയാകാനുള്ള മഹാഭാഗ്യം. പക്ഷെ, ദൈവം തിരഞ്ഞെടുത്തത് തീർത്തും അനാഥയായി ദൈവാലയത്തിൽ അന്തിയുറങ്ങാൻ വിധിക്കപ്പെട്ട മറിയത്തെയായിരുന്നു. "നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്" (യോഹ 15,16). ദൈവം തിരഞ്ഞെടുത്തവളുടെ മഹത്വം ശ്രേഷ്ഠമാണ്. അത് തിരിച്ചറിയാൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട മറിയത്തിന്റെ മുമ്പിൽ നിൽക്കുന്ന ഗാബ്രിയേൽ ദൂതന്റെ വാക്കുകൾ ശ്രദ്ധിച്ചാൽ മതി.

1. ദൈവകൃപ നിറഞ്ഞവൾ (ലൂക്ക 1,28)
2. കർത്താവ് കൂടെയുള്ളവൾ (ലൂക്ക 1,28)
3. കൃപ കണ്ടെത്തിയവൾ (ലൂക്ക 1,30)
4. അത്യുന്നതന്റെ ശക്തി ആവസിച്ചവൾ (ലൂക്ക 1,35)
5. പരിശുദ്ധാത്മാവിനാൽ നിറഞ്ഞവൾ (ലൂക്ക 1,35)

വലിയ കാര്യങ്ങൾക്ക് വേണ്ടി മറിയത്തെ ദൈവം തിരഞ്ഞെടുക്കാനുള്ള കാരണം ഇത് തന്നെയാണ്. ഈ ഗുണവിശേഷണങ്ങൾ ഏറ്റവും യോജിക്കുന്നുണ്ട പരി. കന്യകാമറിയത്തിന്. വചനത്തിന് അവതരിക്കാൻ വഴിയൊരുക്കുകയും, വചനമായി അവതരിച്ചവനോടൊപ്പം നിഴലായ് സംഞ്ചരിക്കുക്കുകയും, അവസാനം, വചനം തന്നെ ജീവിതമാക്കുകയും ചെയ്ത പരി.കന്യകാമറിയം ക്രിസ്തുവിന്റെ ആദ്യശിഷ്യയാണെങ്കിൽ ഓരോ ക്രിസ്തുശിഷ്യന്റെയും ജീവിതശൈലി ഇതു തന്നെയായിരിക്കണം. ഈ ഗുണവിശേഷണങ്ങൾ കൊണ്ട് ഓരോ കത്തോലിക്കന്റെയും ജീവിതം ധന്യമാക്കുകയും വേണം.

'ക്രിസ്തുവിന്റെ ജനനം' ലോകത്തിന് സദ്വാർത്തയാണ്. പക്ഷെ, ദാവിദിന്റെ വംശത്തിലെ ജോസഫ് എന്ന പുരുഷ്യനുമായി വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന നസ്രത്തുക്കാരി മറിയത്തിന് ഇത് സദ്വാർത്തയല്ല. കാരണം, വിവാഹത്തിന് മുമ്പ് വിവാഹം നിശ്ചയം കഴിഞ്ഞിരിക്കുന്ന പെൺകുട്ടി ഗർഭിണിയാകുക. ഇത് വച്ചുപൊറുപ്പിക്കാവുന്ന ഒന്നല്ല. അപ്പോൾ, ലോകത്തിന്റെ സന്തോഷം മറിയത്തിന് സങ്കടകരമാകുന്നു. ചുരുക്കത്തിൽ, "സങ്കടകരമായ സദ്വാർത്ത." ഇതായിരുന്നു മറിയത്തിന് ലഭിച്ചത്.

മാലാഖയുടെ അരുളപ്പാട് മറിയത്തിൽ അസ്വസ്ഥത ജനിപ്പിച്ചു (ലൂക്കാ 1,29). യഹൂദ പരമ്പര്യമനുസരിച്ച്, വിവാഹനിശ്ചയം കഴിഞ്ഞിരിക്കുന്ന പെൺകുട്ടിയിൽ അശുദ്ധാത്മാവ് ആവസിക്കുമെന്നും, അവൾ തന്റെ ഭർത്താവിനെ കൊല്ലുമെന്നുമുള്ള വിശ്വാസമുണ്ടായിരുന്നു. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് തോബിയാസിന്റെ പുസ്തക

ത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഏഴ് ഭർത്താക്കൻമാരെ കൊന്ന സാറ എന്ന യുവതി. അപ്പോൾ, വിവാഹനിശ്ചയം കഴിഞ്ഞ മറിയത്തിന് മുമ്പിൽ പ്രത്യക്ഷപ്പെട്ട മാലാഖ ദൈവ ദൂതനാണോ, അതോ, ദുഷ്ടാരൂപിയാണോ എന്ന് തിരിച്ചറിയാതെ മറിയം അസ്വസ്ഥത പ്പെട്ടതിൽ അതിശയമില്ല.

ദൈവദൂതൻ മറിയത്തിന് മുമ്പിൽ വന്ന് പറയുന്നു, "ദൈവകൃപ നിറഞ്ഞവളെ! സ്വസ്തി, കർത്താവ് നിന്നോട് കൂടെ... നീ ഒരു പുത്രനെ പ്രസവിക്കും... പരിശുദ്ധാ ത്മാവ് നിന്റെ മേൽ വരും." ഇതാണ് ഗബ്രിയേൽ ദൂതന്റെ സന്ദേശം. ഇതിന് മൂന്ന് ഭാഗ ങ്ങളുണ്ട്.

**1. അഭിവാദനം:** മറിയമേ, നീ ദൈവത്തിന്റെ കൃപ കണ്ടെത്തിയിരിക്കുന്നു. അതി നാൽ ദൈവം നിന്നെ വലിയ കാര്യങ്ങൾക്ക് വേണ്ടി തിരഞ്ഞെടുത്തിരിക്കുന്നു. അതി നാൽ നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ. കർത്താവ് നിന്റെ കൂടെ ഉണ്ടായിരിക്കും. നീ ഭയപ്പെടേണ്ട. ഇതാണ്, 'ദൈവകൃപ നിറഞ്ഞവളെ! സ്വസ്തി, കർത്താവ് നിന്നോട് കൂടെ" എന്നതിന്റെ വാച്യാർത്ഥം. മറിയത്തെ ദൈവം പ്രത്യകമായ വിധം തിരഞ്ഞെടുക്കുന്നു. തന്റെ കൃപയുടെ ചൈതന്യം നൽകി അനുഗ്രഹിക്കുന്നു. നിറവിനേക്കാൾ കൂടുതൽ തിരഞ്ഞെടുപ്പിലേയ്ക്കും ദൗത്യത്തിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്ന ഒന്നാണ് ഇത്. ഇത് തന്നെയാണ് "അമലോത്ഭവ" എന്ന വിശ്വാസസത്യത്തിന് അടിസ്ഥാനമായി നിൽക്കുന്ന തും.

**2. വാഗ്ദാനം:** ദൈവം തന്റെ പ്രത്യേകമായ കൃപ നൽകി തിരഞ്ഞെടുത്ത മറിയ ത്തിന് ശക്തി നൽകാനായി വാഗ്ദാനം നൽകുന്നു. "നീ ഒരു പുത്രനെ പ്രസവിക്കും. അവന് യേശു എന്ന പേർ നൽകണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും. പിതാവായ ദാവീദിന്റെ സിംഹാസനം ഞാൻ അവന് നൽകും" (ലൂക്കാ 1,31-32). യേശു എന്ന പേരിന്റെ അർത്ഥം "രക്ഷകൻ" "കർത്താവ് രക്ഷ" എന്നൊക്കെയാണ്. ഒരേ സമയം ദൈവവും മനുഷ്യനുമായി ജീവിക്കുന്ന പുത്ര നായ ദൈവം ദാവിദിന്റെ വംശത്തിൽ നസ്രത്തിലെ മറിയം എന്നുള്ള പെൺകുട്ടിയുടെ ഉദരത്തിൽ ജാതനാകുന്നു. ദൈവത്തിന്റെ പുത്രൻ ദാവീദിന്റെ പുത്രനായി ജനിക്കു ന്നു.

**3. വിശദീകരണം:** "പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവ പുത്രൻ എന്ന് വിളിക്കപ്പെടും" (ലൂക്കാ 1,35). ചുരുക്കത്തിൽ, രക്ഷകനെകുറിച്ചുള്ള ദൈവീകപദ്ധതി വിശദീകരിക്കുകയാണ് ദൈവദൂതൻ. അത്, മറിയത്തിന് ആശ്വാസം പകരുന്നു. രക്ഷകന്റെ ജനനം മാനുഷീകമായ ജഢമോഹത്താലല്ല. മറിച്ച്, നീ ഗർഭം ധരിച്ചിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്. ഇത് ഒരേപ്പോലെ തന്നെ രക്ഷകന്റെ സ്വഭാ വത്തെയും രക്ഷകനെ കുറിച്ചുള്ള ദൈവീകപദ്ധതിയും വ്യക്തമാക്കുന്നുണ്ട്.

മാലാഖ, ഗാബ്രിയേലിന്റെ അഭിവാദനവചനം കേൾക്കുമ്പോൾ മറിയം അസ്വ സ്ഥയാകുന്നു. "ഈ വചനം കേട്ട് അവൾ അസ്വസ്ഥയായി. എന്താണ് ഈ അഭിവാദന ത്തിന്റെ അർത്ഥമെന്ന് അവൾ ചിന്തിച്ചു" (ലൂക്കാ 1,29). മനസിലാകാത്ത വചനം ഹൃദ യത്തത്തിൽ സംഗ്രഹിക്കുന്നതിന്റെയും, സംഗ്രഹിച്ച വചനം ധ്യാനവിഷയമാക്കുന്നതി ന്റെയും ഉത്തമമാതൃകയാണ് പരി. കന്യകമറിയം. ഈ വചനത്തിന്റെ അർത്ഥം തിരിച്ചറി ഞ്ഞപ്പോൾ മംഗളവാർത്താവിവരണത്തിൽ മറിയം അവസാനമായി കുറിക്കുന്നത് ഇപ്ര കാരമാണ്, "ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനം പോലെ എന്നിൽ സംഭവിക്കട്ടെ" (ലൂക്കാ 1,38). മറിയത്തിന്റ അധരത്തിൽനിന്നും പുറപ്പെട്ട അവസാന വചനം യോഹ

*"ഒരു ക്രിസ്ത്യാനി വിളിക്കപ്പെട്ടിരിക്കുന്നത് നന്മ ചെയ്യാനല്ല; ദൈവഹിതം നിറവേറ്റാനാണ്."*
*വി.അൽഫോൻസ് ലിഗോരി*

*തനിക്ക് ശരിയെന്ന് തോന്നുന്നതല്ല, മറിച്ച്, ദൈവഹിതമാണ് നാം അനുവർത്തിക്കേണ്ടത്. അപ്പോഴാണ്, വചനം മാംസം ധരിക്കു. "ഇതാ കർത്താവിന്റെ ദാസി/ദാസൻ."*

ന്നാൻ ശ്ലീഹ കുറിച്ച് വച്ചിട്ടുണ്ട്, "അവൻ പറയുന്നത്പോലെ ചെയ്യുക" (യോഹ 2,5). 'ദൈവത്തോടുള്ള വിധേയത്വം' ഇത് മാത്രമാണ് മറിയത്തിന്റെ ജീവിതത്തെ അനശ്വരമാക്കുന്നത്. യഥാർത്ഥ ക്രിസ്തുശിഷ്യന്റെ ജീവിതചര്യയും ഇത് തന്നെയാണ്. പൗലോസ് ശ്ലീഹായുടെ ധീരമായ ഒരു പ്രഖ്യാപനമുണ്ട്, "ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു." ഇതാ കർത്താവിന്റെ ദാസൻ / ദാസി എന്ന് പറയാനുള്ള ചങ്കുറപ്പുണ്ടെങ്കിൽ മാത്രമെ "ഇനി ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്ന് പറയാനാകു.

ദൈവത്തിന്റെ വചനം പുരോഹിതനായി ബലിയർപ്പിച്ചുകൊണ്ടിരുന്ന സഖറിയായുടെ അരികിലെത്തി. "നിന്റെ ഭാര്യ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യോഹന്നാൻ എന്ന പേർ നൽകണം" (ലൂക്കാ 1,13). ഈ വചനം കേട്ട സഖറിയ ദൈവദൂതനെ അസ്വസ്ഥനാകുന്നു. "ഞാൻ ഇത് എങ്ങനെ അറിയും" (ലൂക്കാ 1,18). ദൈവവചനത്തിന് മുമ്പിൽ അസ്വസ്ഥനാകുന്ന സഖറിയായ്ക്ക് 'ഒരുടയാളം/ശിക്ഷ' ദൈവദൂതൻ സമ്മാനിച്ചു; "യഥാകാലം പൂർത്തിയാകേണ്ട വചനം അവിശ്വസിച്ച നീ മൂകനായി തീരും" (ലൂക്കാ 1,20). മറിയത്തിന്റെ അടുത്തേയ്ക്കും ദൈവദൂതൻ കടന്ന് വന്നു. "മറിയമേ, നീ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്ന് പേരിടണം" (ലൂക്കാ 1,30). മറിയം ദൂതനോട് സഖറിയ ചോദിച്ചതുപോലെ ചോദിച്ചു, "ഇതെങ്ങനെ സംഭവിക്കും. ഞാൻ പുരുഷ്യനെ അറിയുന്നില്ലല്ലോ?" (ലൂക്കാ 1,34).

സഖറിയായുടെയും മറിയത്തിന്റെയും ചോദ്യത്തിന്റെ ശൈലി ഒന്നുതന്നെയാണ്. എന്നിട്ടും, ദൈവം എന്തുകൊണ്ടാണ് സഖറിയാക്ക് മാത്രം ശിക്ഷ സമ്മാനിക്കുന്നത്? ഇതിനുള്ള ഉത്തരം വളരെ ചെറുതാണ്. മറിയം കേവലം പതിമൂന്ന് വയസ് മാത്രം പ്രയമുള്ള പെൺകുട്ടിയാണ്. പക്ഷെ, സഖറിയ അങ്ങനെയല്ല; വാർദ്ധിക്ക്യത്തിന്റെ അറിവ് പേറുന്നവനാണ്. സഖറിയ പുരോഹിതനാണ്. പുരോഹിതനായ അബ്രാഹത്തിന്റെ ജീവിതത്തിൽ ദൈവം ഇടപെടുന്നതും, അവന്റെ വാർദ്ധിക്ക്യത്തിൽ അബ്രാഹത്തിന് ദൈവം കുഞ്ഞിനെ സമ്മാനിക്കുന്നതും നിത്യവും വചനത്തിൽ വായിക്കുന്ന സഖറിയ ദൈവവചനത്തിൽ അവിശ്വസിക്കാനോ, ദൈവശക്തിയെ ചോദ്യം ചെയ്യാനോ പാടില്ല. ഇത് ഓർമ്മപ്പെടുത്താനാണ് പുരോഹിതനായ സഖറിയായ്ക്ക് ദൈവദൂതൻ 'ഒരുടയാളം/ശിക്ഷ' സമ്മാനിച്ചത്. ദൈവത്തോട് കൂടുതൽ ചേർന്ന് നിൽക്കുന്നവർ ദൈവത്തെകുറിച്ച് കൂടുതൽ ആഴത്തിൽ പഠിക്കുകയും ധ്യാനവിഷയമാക്കുകയും വേണം. നിയമം തെറ്റിക്കുന്ന നിയമപാലകനും നിയമമറിയാത്തവനും നീതിപീഠം നൽകുന്ന ശിക്ഷ വിഭിന്നങ്ങളാണ്.

ഇഷ്ടമല്ലാത്ത വാർത്തകളെ 'അശ്രീകരം' എന്ന് വിളിച്ച് അകറ്റി നിർത്തുമ്പോൾ മറിയം കാണിച്ച് തരുന്നത് 'ഐശ്വര്യമില്ലാത്തതിനെ അനുഗ്രഹമാക്കണമെന്നാണ്.' ദൈവീക പദ്ധതി എത്ര ശ്രേഷ്ഠമായാലും അത് നിറവേറാൻ മനുഷ്യന്റെ സഹകരണം അനിവാര്യമാണ്. മറിയം "സങ്കടകരമായ സദ്വാർത്ത"യ്ക്ക് വേണ്ടി തലകുനിക്കുമ്പോൾ അത് മനുഷ്യവർഗ്ഗത്തിന് മുഴുവൻ രക്ഷയ്ക്ക് കാരണമാകുന്നു. നമ്മുടെയും മറ്റുള്ളവരുടെയും രക്ഷയ്ക്ക് നാം ദൈവത്തോട് സഹകരിക്കാൻ തയ്യാറാണോ? കുഴിമാടത്തിലെ കല്ല് എടുത്ത് മാറ്റിയാലെ ലാസർ പുറത്ത് വരു. പുരോഹിതൻമാരെ കാണിക്കാൻ പോയാലെ കുഷ്ടം സുഖപ്പെടു. അവന്റെ വസ്ത്രത്തിൽ സ്പർശിച്ചാലെ സൗഖ്യം അനുഭവവേദ്യമാകു. മരത്തിന് മുകളിൽ നിന്ന് ഇറങ്ങി വന്നാലെ സക്കേവൂസും കുടുംബവും രക്ഷ പ്രാപിക്കു. അന്ധൻ സീലോഹായിൽ പോയി കഴുകിയാലെ കാഴ്ച തിരിച്ച് കിട്ടു. മറിയം ദൈവികപദ്ധതിയോട് സഹകരിച്ചാൽ മാത്രമെ മനുഷ്യകുലത്തിന് രക്ഷ അനുഭവവേദ്യമാകു.

**"രക്ഷ സമ്മാനിക്കാൻ ദൈവം ഇടപെടാൻ തയ്യാറാണ്. പക്ഷെ, ഞാൻ സഹകരിക്കണം!"**

*അബ്രാഹം വചനത്തിന് കീഴ്വഴങ്ങി - വിശ്വാസികളുടെ പിതാവായി. പൂർവപിതാവായ ജോസഫ് ദൈവഹിതത്തിന് കീഴ്വഴങ്ങി - വിശ്വാസികൾക്ക് മാതൃകയായി. മറിയം മനസിലാകാത്ത വചനത്തിന് കീഴ്വഴങ്ങി - വിശ്വാസികളുടെ മാതാവായി. നാം വചനത്തിന് കീഴ്വഴങ്ങുമ്പോൾ ദൈവപുത്രൻമാരും/പുത്രികളുമാകുന്നു....*